**ഇഹ്സാൻ**

# ഒടുവിൽ ബി.ജെ.പി എം.പിമാരുടെ മനുഷ്യക്കടത്തും

**ഗുജറാത്ത്** കലാപത്തിൽ മുസ്‌ലിംകൾക്കെതിരെ ആദിവാസികളെ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ച പ്രദേശമാണ് ദാബോദ്. ഗിരിവർഗക്കാരൻ കൂടിയായ ഇവിടത്തെ എം.പിയാണ് പോയവാരം ദൽഹി വിമാനത്താവളത്തിൽ അറസ്റ്റിലായ ബാബുബായി കത്താര. വി.എച്ച്.പിയുടെ അറിയപ്പെടുന്ന നേതാവ് കൂടിയാണ് ഇദ്ദേഹം. ഇയാളുടെ മകനെതിരെ ഗുജറാത്ത് കലാപത്തിൽ നേരിട്ട് പങ്കെടുത്തതിന് തെളിവുകളുമുണ്ട്. എം.പിയവർകളുടെ കുറ്റം കുറേക്കൂടി മോശപ്പെട്ട സ്വഭാവത്തിലുള്ളതാണ്. നയതന്ത്ര നിലവാരമുള്ള സ്വന്തം പാസ്പോർട്ടും കുടുംബാംഗങ്ങളുടെ പാസ്പോർട്ടും ഉപയോഗിച്ച് മനുഷ്യക്കടത്ത് നടത്തുകയാണ് സൈഡ് ബിസിനസ്സെന്ന നിലയിൽ കത്താര ചെയ്തുവന്നത്. ഒരു തവണ പിടിക്കപ്പെട്ടുവെങ്കിലും കഴിഞ്ഞ വർഷം ചുരുങ്ങിയത് മൂന്നു തവണയെങ്കിലും ഇദ്ദേഹം ഈ ഇടപാട് നടത്തിയിട്ടുണ്ടെന്ന് പോലീസിന് സംശയമുണ്ട്. കിട്ടുന്ന ശമ്പളവും ആനുകൂല്യങ്ങളും തികയാത്തതിന് പാവപ്പെട്ട എം.പിമാർ മനുഷ്യനെ കള്ളക്കടത്ത് നടത്തേണ്ട ഗതികേടിലാവുന്ന കാലം വരുമെന്ന് ആരെങ്കിലുമുണ്ടോ കരുതിയിട്ട്! കോഴ വാങ്ങി ചോദ്യമുന്നയിച്ചാൽ അത് കുറ്റം. കോഴ വാങ്ങി എന്തെങ്കിലും ഏർപ്പാട് ശരിയാക്കാമെന്നു വെച്ചാൽ രഹസ്യ കാമറക്കാരെ ഭയന്ന് അതിനും നിവൃത്തിയില്ല. ബി.ജെ.പിയിലെ എം.പിമാർ ഇത്തരം ഇടപാടുകളിൽ കുടുങ്ങുന്നത് പതിവായിമാറുകയാണ് എന്നതാണ് സംഭവം തെളിയിക്കുന്നത്.

പാസ്പോർട്ടിൽ ഭാര്യയുടെ ഫോട്ടോയുടെ സ്ഥാനത്ത് പർമീന്ദർ കൗർ എന്ന യുവതിയുടെയും മകന്റെ പാസ്പോർട്ടിൽ അമർജിത് സിംഗ് എന്ന ബാലന്റെയും ഫോട്ടോ ഒട്ടിച്ചു ചേർത്താണ് എം.പി കൃത്രിമം നടത്തിയത്. ഒരു പാർലമെന്റംഗം സ്വന്തം കുടുംബത്തിന്റെ ഡിപ്ലോമാറ്റിക് പാസ്പോർട്ടിൽ നടത്തിയ വെറുമൊരു കൃത്രിമം എന്നതിനപ്പുറത്താണ് ഈ പ്രവൃത്തിയുടെ ഗൗരവം. 2003-ൽ ബി.ജെ.പിയുടെ ഗംഗാറാം കോലി എന്ന പാർലമെന്റംഗം 14 പേരെ ഹോളണ്ടിലേക്ക് ഒപ്പം കൊണ്ടുപോയത് പോലീസ് പിടികൂടിയിരുന്നുവെങ്കിലും ആ കേസ് പിന്നീട് എവിടെയും എത്താതെ പോവുകയാണ് ഉണ്ടായത്. അന്ന് രാജ്യം ഭരിച്ചത് എൻ.ഡി.എ ആയതുകൊണ്ടും കേന്ദ്ര ആഭ്യന്തരമന്ത്രി എൽ.കെ. അദ്വാനി ആയതുകൊണ്ടും കേസ് ഒതുക്കാൻ എളുപ്പമുണ്ടായിരുന്നു. ഇപ്പോൾ കോൺഗ്രസ് നാടു ഭരിക്കുന്നു എന്നതിനേക്കാളുപരി ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടക്കുന്നു എന്നതാണ് ബി.ജെ.പിക്കു തടസ്സമായത്. വിഷയം വളരെയെളുപ്പത്തിൽ രാഷ്ട്രീയവത്കരിക്കപ്പെട്ടു. ദൽഹി പോലീസ് കത്താരയുടെ അറസ്റ്റ് സ്ഥിരീകരിച്ച ഉടൻ തന്നെ ഇദ്ദേഹത്തെ പാർട്ടി അംഗത്വത്തിൽനിന്ന് സസ്പെന്റ് ചെയ്യാൻ ബി.ജെ.പി തയാറായത് സംഭവത്തിന്റെ രാഷ്ട്രീയ സ്വഭാവത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ദിലീപ് സിംഗ് ജുദേവിന്റെ കാര്യത്തിലോ പ്രമോദ് മഹാജന്റെ കാര്യത്തിലോ ബങ്കാരു ലക്ഷ്മണിന്റെ കാര്യത്തിലോ ഒന്നും ബി.ജെ.പി ഇത്ര വേഗത്തിൽ പ്രവർത്തിച്ചതിന് രേഖകളില്ല.

'ധാർമികതക്ക് ഊന്നൽ കൊടുക്കുന്ന' പാർട്ടിയായ ബി.ജെ.പിയുടെ പാളയത്തിൽനിന്നാണ് ഇത്തരം കേസുകൾ ഏറെയും വരുന്നത് എന്നത് ശ്രദ്ധേയമാണ്. സെഷൻ നടക്കുന്ന സമയത്താണെങ്കിൽ ഒരു പാർലമെന്റംഗത്തിന് ഇപ്പോഴത്തെ അവസ്ഥയിൽ കിട്ടുന്ന പ്രതിമാസ ശമ്പളവും മറ്റു ആനുകൂല്യങ്ങളും ഏതാണ്ട് ഒരു ലക്ഷം രൂപയോളമാണ്. ഒരിക്കൽ എം.പിയായി കഴിഞ്ഞാൽ കിട്ടുന്ന പെൻഷൻ അദ്ദേഹത്തിന് സുഭിക്ഷമായ ശിഷ്ടജീവിതം ഉറപ്പുവരുത്തുന്നതിനും ധാരാളമാണ്. ഇവർക്ക് ദൽഹിയിൽ നൽകുന്ന വീടും സൗകര്യങ്ങളും അതിനു പുറമെ. കമ്മിറ്റികളിൽ അംഗങ്ങളായ എം.പിമാർ എഴുതിയെടുക്കുന്ന യാത്രാ ബത്ത പലപ്പോഴും അവരുടെ ശമ്പളത്തോളം പോരും. സൗജന്യ വിമാന ടിക്കറ്റുകൾ, സൗജന്യ ട്രെയിൻ പാസ് തുടങ്ങി ഒരു എം.പി അനുഭവിക്കുന്ന സൗകര്യങ്ങൾക്ക് കൈയും കണക്കുമില്ല. എന്നിട്ടും ആളുകളെ കള്ളക്കടത്ത് നടത്തുക, ചോദ്യം ചോദിക്കുന്നതിന് കോഴ വാങ്ങുക മുതലായ നിലവാരം കെട്ട ഏർപ്പാടുകൾക്ക് എന്തുകൊണ്ട് ഇവർ തുനിയുന്നു എന്നത് പൊതുസമൂഹത്തെ അമ്പരപ്പിക്കേണ്ടതാണ്. അടിസ്ഥാനപരമായി ക്രിമിനൽ സ്വഭാവമുള്ളവരാണ് പല പാർട്ടികളിലും നേതാക്കളാവുന്നത് എന്നതാണ് ഇതിന്റെ ഉത്തരം. ബാബുഭായി കത്താരയെ കുറിച്ച് ദാബോദിലെ ജനങ്ങൾക്കിടയിൽ ഒട്ടും മതിപ്പില്ല എന്നത് ഇവിടെ ചേർത്തുവായിക്കണം.

ദൽഹിയിലെ അന്താരാഷ്ട്ര മനുഷ്യക്കടത്ത് റാക്കറ്റിൽ നിരവധി വി.ഐ.പികൾ അംഗങ്ങളാണെന്ന് ഈയിടെ ഇന്റലിജൻസ് നൽകിയ റിപ്പോർട്ടിനെ തുടർന്നാണ് ബാബുഭായി കത്താരയുടെ അറസ്റ്റിലേക്ക് നയിച്ച സംഭവത്തിന്റെ തുടക്കം. പ്രതിവർഷം 2000 കോടിയെങ്കിലും ദൽഹിയിൽ മനുഷ്യക്കടത്ത് റാക്കറ്റിലൂടെ മറിയുന്നുണ്ട്. പർമീന്ദർ കൗറിനെ കനഡയിലേക്ക് കടത്താൻ കത്താര ആവശ്യപ്പെട്ടത് 30 ലക്ഷം രൂപയാണെന്നാണ് പോലീസ് കണ്ടെത്തിയത്. ഒപ്പമുള്ള അമർജിതിൽനിന്നും ഇതേ സംഖ്യ കത്താര തരപ്പെടുത്തിയതായാണ് പോലീസിന്റെ സംശയം. ഇന്ത്യയിൽ പത്തു ലക്ഷം റൊക്കവും യുവതിയെ കനഡയിൽ എത്തിച്ചാൽ ബാക്കി തുകയും നൽകുന്ന വിധത്തിലായിരുന്നു കരാർ. ഇദ്ദേഹത്തോടൊപ്പം നേരത്തേ കനഡയിലേക്ക് പോയവരെ കുറിച്ചും പോലീസ് അന്വേഷണം നടത്തുന്നുണ്ട്. പഞ്ചാബിലെ വിവിധ പ്രദേശങ്ങളിൽ എം.പിയെ തെളിവെടുപ്പിന് കൊണ്ടുപോയാൽ മനുഷ്യക്കടത്ത് റാക്കറ്റിനെ കുറിച്ച വിവരങ്ങൾ ലഭ്യമാകുമെന്നാണ് പോലീസിന്റെ പ്രതീക്ഷ. തങ്ങളുടെ പാസ്പോർട്ട് ഉപയോഗിച്ച് ഭർത്താക്കന്മാർ അന്യസ്ത്രീകളെ കൊണ്ടുപോകുന്നുവെന്ന് ചില എം.പിമാരുടെ ഭാര്യമാർ നേരത്തേ പോലീസിന് പരാതി നൽകിയതായി വിവരമുണ്ട്. സ്ത്രീലമ്പടന്മാരായ എം.പിമാരുടെ കാര്യമാണ് ഇതെന്ന മട്ടിൽ ഒഴുക്കൻ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യുകയാണ് ഇതേവരെ ഉണ്ടായത്. പിടിക്കപ്പെട്ട സമയത്ത് പർമീന്ദർ തന്റെ ഗേൾ ഫ്രണ്ടാണെന്ന മട്ടിലാണ് കത്താര ആദ്യം പോലീസിന് മൊഴി നൽകിയത്. വിശദമായ ചോദ്യം ചെയ്യലിൽ യുവതി നടത്തിയ വെളിപ്പെടുത്തലാണ് സംഭവത്തിനു പിന്നിൽ മനുഷ്യക്കടത്ത് റാക്കറ്റാണെന്ന തിരിച്ചറിവിൽ പോലീസിനെ എത്തിച്ചത്. ആദ്യത്തേതാണ് കേസെങ്കിൽ ഒരുവേള വിഷയം പുറത്ത് അറിയുക പോലുമുണ്ടായിരുന്നില്ല. വി.ഐ.പികളോടൊപ്പം യാത്രചെയ്യുന്ന യുവതികളെ തലസ്ഥാന നഗരിയിലെ വിമാനത്താവളത്തിൽ ആരും പരിശോധിക്കാറില്ല എന്നാണ് അറിയുന്നത്. ഭാര്യയെന്ന പേരിൽ അന്യയുവതികളോടൊപ്പം വിദേശരാജ്യങ്ങളിൽ 'ഹണിമൂണി'ന് പോകുന്ന ധാരാളം വി.ഐ.പികൾ ഉണ്ടെന്നാണ് കേൾക്കുന്നത്.

2005 ഡിസംബറിൽ ബി.ജെ.പിയുടെ ആറ് പാർലമെന്റംഗങ്ങളെയാണ് ചോദ്യക്കോഴ വിവാദത്തിൽ സഭയിൽനിന്ന് പുറത്താക്കിയത്. പാർലമെന്റ് വാഗ്ദാനം ചെയ്യുന്ന സൗകര്യങ്ങൾ ദുരുപയോഗപ്പെടുത്തി ക്രിമിനൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ടതോടെ കത്താരയും ഏതു നിമിഷവും പാർലമെന്റിൽനിന്നും പുറത്താവുമെന്നാണ് സൂചന. ഇതോടെ മോശപ്പെട്ട കാരണങ്ങളെ ചൊല്ലി പാർലമെന്റ് അംഗത്വം നഷ്ടപ്പെട്ട ഏറ്റവുമധികം അംഗങ്ങൾ ബി.ജെ.പിയുടേതായി മാറുകയാണ്. സുരാജ് വാഗ്ദാനം ചെയ്യുന്ന പാർട്ടിയാണ് ഇതെന്ന് ഓർക്കുക. യു.പി തെരഞ്ഞെടുപ്പിൽ കത്താര വിഷയമായാലും ഇല്ലെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ ബി.ജെ.പിയിലാണ് ഏറ്റവുമധികം കൊള്ളരുതാത്ത നേതാക്കൾ ഉള്ളതെന്ന തിരിച്ചറിയാണ് ഈ സംഭവം സമ്മാനിക്കുന്നത്. ■